ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ, തോളൂർ
പി. ഒ. പറപ്പൂർ, പിൻ – 680552
ഫോൺ: 0487-2285 746, ഇമെയിൽ: bphctholur@gmail.com

നം ബി 632 /2026 /ബി എഫ് എച്ച് സി

15.07.26

## പുനർ ലേല പരസ്യം

തോളൂർ കുടുംബാരോഗ്യ സൂപ്രണ്ട് പ്രസിദ്ധീകരിക്കുന്നത്

തൃശ്ശൂർ ജില്ലയിലെ തോളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ കിണർ കുഴിക്കുന്നതിന്റെ ഫലമായി ആശുപത്രി കോമ്പൌണ്ടിൽ ശേഖരിച്ചിട്ടുള്ള 125.60ക്യുബിക് മീറ്റർ മണ്ണ് മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചും ലേലം നടത്തിയും വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

**അടങ്കൽ തുക , 52752 രൂപ**

**ലേല തീയതി : 24.07.2026 ഉച്ചയ്ക്ക് 12 മണി**

**നിരതദ്രവ്യം : 1000 രൂപ**

ക്വട്ടേഷനുകൾ 24.07.2026 രാവിലെ 11.30 മണി വരെ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിക്ക് ആശുപത്രി കോൺഫറൻസ് ഹാളിൽ വച്ച് മേൽപ്പറഞ്ഞ മണ്ണ് പരസ്യലേലം ചെയ്യുന്നതാണ്. ഇ.എം.ഡി തുക അടയ്ക്കുന്ന വ്യക്തിയോ ടിയാൻ നിർദ്ദേശിക്കുന്ന വ്യക്തിക്കോ (ഒരാൾ മാത്രം) മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. പ്രസ്തുത ലേലത്തിൽ ക്വട്ടേഷനുകൾ സമർപ്പിച്ചവർക്കും ക്വട്ടേഷനുകൾ സമർപ്പിക്കാത്തവർക്കും 1000/- രൂപ (ആയിരം രൂപ മാത്രം) നിരതദ്രവ്യം അടച്ച് പങ്കെടുക്കാവുന്നതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ആധാർ കാർഡിന്റെ പകർപ്പ് നൽകേണ്ടതാണ്. പരസ്യലേലം അവസാനിച്ച ശേഷം ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ലേലത്തിലോ അല്ലെങ്കിൽ ക്വട്ടേഷനിലോ (രണ്ടും കൂടി ഒന്നിച്ച് പരിഗണിക്കുമ്പോൾ) ഏറ്റവും ഉയർന്ന തുക വിളിച്ച /രേഖപ്പെടുത്തിയ വ്യക്തിയുടെയോ / സ്ഥാപനത്തിന്റെയോ പേരിൽ (ലേല തുക സർക്കാർ നിശ്ചയിച്ച തുകയോ അതിൽ കൂടുതലോ ആകുന്ന പക്ഷം) ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതായിരിക്കും. ലേലം ഉറപ്പിച്ച വ്യക്തി ലേല തുകയും നിയമാനുസൃതമായ നികുതിയും അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുകകൾ അടച്ചശേഷം ലേലം ഉറപ്പിച്ച വ്യക്തി ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും മണ്ണ് നീക്കേണ്ടതും രോഗികൾക്കോ ജീവനക്കാർക്കോ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കോ യാതൊരു ബുദ്ധിമുട്ടും വരാത്തവിധം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ മണ്ണ് നീക്കം ചെയ്യാവുന്നതുമാണ്. ലേലം അംഗീകരിച്ച വ്യക്തി 200 രൂപ മുദ്ര പത്രത്തിൽ ആരോഗ്യകേന്ദ്രവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ലേലം ലഭിക്കുന്ന വ്യക്തി ജിയോളജി ആൻഡ് മൈനിങ് ഡിപ്പാർട്മെന്റിലേക്ക് ഒരു ക്യൂബിക് മീറ്ററിന് 80 (എൺപത് ) രൂപ എന്ന നിരക്കിൽ റോയലിറ്റി അടച്ച ട്രാൻസിറ്റ് പാസ് കൂടി സമ്പാദിക്കേണ്ടതാണ്. ഔട്ട് പാസിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമേ മണ്ണ് നീക്കം ചെയ്യുവാൻ അനുവാദമുള്ളൂ. മേൽ നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം ക്വട്ടേഷൻ/ലേലം റദ്ദ് ചെയ്യുന്നതും ടിയാൾ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതും പുനർലേലം വിളിക്കുന്നതുമായിരിക്കും.

മതിയായ ഇക ലഭിക്കാതെ വരുന്ന സാഹചര്യത്തിലോ, സർക്കാർ നിർദ്ദേശിക്കുന്ന നിബന്ധനകൾ കാരണമോ മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദാക്കാനോ മാറ്റി വയ്ക്കാനോ ഉള്ള പൂർണ്ണ

BLOCK FAMILY HEALTH CENTRE THOLUR ★ ...P.O. THRISSUR
Date:
Pin: 680552

ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ, തോളൂർ
പി. ഒ. പറപ്പൂർ, പിൻ – 680552
ഫോൺ: 0487–2285 746, ഇമെയിൽ: bphctholur@gmail.com

അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. വ്യവസ്ഥകൾ പാലിക്കാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

മെഡിക്കൽ ഓഫീസർ ഇൻചാർജ്

SUPERINTENDENT
BLOCK FAMILY HEALTH CENTRE
THOLUR, PARAPPUR P. O
THRISSUR -680552

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം, തൃശ്ശൂർ
ജില്ലാ കളക്ടർ, അയ്യന്തോൾ
ജിയോളജിസ്റ്റ്, ജിയോളജി ആൻഡ് മൈനിങ് ഡിപ്പാർട്മെന്റ്
വില്ലേജ് ഓഫിസ്
രജിസ്ട്രാർ ഓഫിസ്
ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് , പുഴയ്ക്കൽ
ഗ്രാമ പഞ്ചായത്ത് ഓഫീസ് , തോളൂർ
നോട്ടീസ് ബോർഡ്
ഫയൽ /കരുതൽ ഫയൽ

BLOCK FAMILY HEALTH CENTRE THOLUR
PARAPPUR.P.O, THRISSUR
Date: ..........
Pin: 680552